സെൻററുകളും) ഉപ്പുജല കൃഷിയിടങ്ങളും, ഉൾനാടൻ മൽസ്യ കൃഷിക്കു വേണ്ടിയുള്ള ദേശീയ കുഞ്ഞുൽപ്പാദന കേന്ദ്രങ്ങളും എന്നിവയുടെ നിർമ്മാണം, മൽസ്യ കർഷക വികസന ഏജൻസികളുടെ (എഫ്. എഫ്. ഡി. എ.) പ്രവർത്തനം എന്നിവയാണ് കേന്ദ്ര സഹായത്തോടെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും.

(ബി) മൽസ്യബന്ധന തുറമുഖങ്ങൾ: വിഴിഞ്ഞത്തും, നീണ്ടകരയിലും മൽസ്യബന്ധന തുറമുഖങ്ങൾ നിർമ്മിച്ചുവരുന്നു. മോപ്ലാബേയിലുള്ള മൽസ്യബന്ധന തുറമുഖത്തിന്റെ പണി വർദ്ധിച്ച മണൽക്കയറ്റം കാരണം നിർത്തിവച്ചിരിക്കുന്നു.

ഫിഷ് ലാൻറിംഗ് സെൻററുകൾ:

നീലേശ്വരത്തുള്ള ഫിഷ് ലാൻറിംഗ് സെൻററിന്റെ പണി പൂർത്തിയായി. കാസർഗോഡ്, മുനക്കക്കടവ് എന്നിവിടങ്ങളിലെ പണി ഈവർഷം പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പാലക്കാട്, ധർമ്മടം എന്നിവിടങ്ങളുടെ പണി ധൃതഗതിയിൽ നടന്നുവരുന്നു. തോട്ടപ്പള്ളി ഫിഷ് ലാൻറിംഗ് സെൻററിന്റെ പണി ആരംഭിക്കുവാനുള്ള കരാർ നൽകിക്കഴിഞ്ഞു. മറ്റുള്ള സ്ഥലങ്ങളിൽ സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല.

ഉപ്പുജല മൽസ്യക്കൃഷി:

പൊയ്യ, ആയിരംതെങ്ങ്, ഞാറയ്ക്കൽ, മാലിപ്പുറം, പാലൈക്കരി എന്നീ സ്ഥലങ്ങളിൽ ഉപ്പുജലക്കൃഷിക്കായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

ദേശീയ മൽസ്യ കുഞ്ഞുൽപ്പാദന കേന്ദ്രങ്ങൾ:

മലമ്പുഴയിലും, പോളച്ചിറയിലും ഉൾനാടൻ മൽസ്യ കൃഷിക്കായി മൽസ്യക്കുഞ്ഞുൽപ്പാദന കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

മൽസ്യകർഷക വികസന ഏജൻസികൾ:

കൊല്ലം, തൃശ്ശൂർ, പാലക്കാട് എന്നിവിടങ്ങൾ കേന്ദ്രമായി മൂന്ന് മൽസ്യകർഷക വികസന ഏജൻസികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

(സി) ഇല്ല.

(ഡി, ഇ, എഫ്, ജി, എച്ച്.) 'സി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ചെല്ലാനം പഞ്ചായത്തിൽ ഒരു മിനി ഫിഷിംഗ് ഹാർബർ

1137 [2068] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെല്ലാനം പഞ്ചായത്തിൽ ഒരു മിനി ഫിഷിംഗ് ഹാർബർ ഉണ്ടാക്കാൻ നിർദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് എവിടെയാണ് ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly